15
2025
ആഗസ്റ്റ്
വെള്ളി
കർക്കിടകം 30

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 210 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-210 പേജ് 4. വില 2.00 രൂപ

02 ഇത്രയും മോശം റോഡിൽ എങ്ങനെ ടോൾ പിരിക്കും ': സുപ്രീം കോടതി

03 പാക്കിസ്ഥാൻ അനാവശ്യ വാചകമടി നിർത്തണം; ഇല്ലെങ്കിൽ പ്രത്യാഘാതം നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ്

04 സുരേഷ് ഗോപിക്കെതിരെ ഗൂഢാലോചന: രാജീവ് ചന്ദ്രശേഖർ

എല്ലാ വായനക്കാർക്കും സ്വാതന്ത്ര്യദിനാശംസകൾ

ഇന്ത്യ ജനാധിപത്യത്തിന്റെ ജനനി: രാഷ്ട്രപതി

ന്യൂഡൽഹി: ഇന്ത്യ ജനാധിപത്യത്തിൻറെ ജനനിയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. എല്ലാവർക്കും തുല്യ നീതിയും അവസരവും ഉറപ്പാക്കണം. ഇന്ത്യ ആത്മവിശ്വാസത്തോടെ സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകയാണ്. വലിയൊരു വിഭാഗത്തെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനായി. പിന്നാക്ക സംസ്ഥാനങ്ങളായി നിന്ന പ്രദേശങ്ങൾ പുരോഗതിയുടെ പാതയിലാണെന്നും രാഷ്ട്രപതി പറഞ്ഞു.

രാജ്യത്തിനു വേണ്ടി ജീവൻ ത്യജിച്ച സ്വാതന്ത്ര്യ സമരസേനാനികൾക്ക് ആദരം അർപ്പിക്കുന്നു. 79 വർഷം കൊണ്ട് രാജ്യം ഏറെ മുന്നേറി. നമ്മുടെ ഭരണഘടന ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന നാല് പ്രധാന വശങ്ങളെ വിവരിച്ചിട്ടുണ്ട്. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയാണ് അവ. നമ്മുടെ ഭരണഘടനയും ജനാധിപത്യവുമാണ് മറ്റെല്ലാത്തിനെക്കാളും വലുതെന്നും രാഷ്ട്രപതി പറഞ്ഞു.

രാജ്യവിഭജനം മൂലമുണ്ടായ വേദന നാം ഒരിക്കലും മറക്കരുതെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഇന്ന് നമ്മൾ വിഭജന ഭീകരത ഓർമ ദിനം ആചരിച്ചു. വിഭജനത്തിൽ ഭയാനകമായ അക്രമങ്ങൾ അരങ്ങേറി. ലക്ഷക്കണക്കിന് ആളുകൾ അവരുടെ വീടുകൾ വിട്ട് പോകാൻ നിർബന്ധിതരായെന്നും ദ്രൗപതി മുർമു പറഞ്ഞു.

ഓപ്പറേഷൻ സിന്ദൂർ; നാല് ഇന്ത്യൻ വ്യോമസേന ഉദ്യോഗസ്ഥർക്ക് സർവോത്തം യുദ്ധ സേവാ മെഡൽ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത നാല് വ്യോമസേന ഉദ്യോഗസ്ഥർക്ക് സർവോത്തം യുദ്ധ സേവാ മെഡൽ.

വൈസ് ചീഫ് ഓഫ് എയർ സ്റ്റാഫ് നർണാദേശ്വർ തിവാരി, വെസ്റ്റേൺ എയർ കമാൻഡർ ജീതേന്ദ്ര മിശ്ര, എയർ ഓപ്പറേഷൻസ് ഡിജി അവധേഷ് ഭാരതി എന്നിവർക്കാണ് പുരസ്കാരം.

13 വ്യോമസേന ഉദ്യോഗസ്ഥർക്ക് വിശിഷ്ട യുദ്ധ് സേവാ മെഡലും, ഒമ്പത് വ്യോമസേന പൈലറ്റുമാർക്ക് വീർ ചക്രയും പ്രഖ്യാപിച്ചു.

എയർ വൈസ് മാർഷൽ ജോസഫ് സുവാരസ്, എവി എം പ്രജുവൽ സിംഗ്, എയർ കൊമോഡോർ അശോക് രാജ് താക്കൂർ തുടങ്ങിയവർക്കാണ് വിശിഷ്ട യുദ്ധ് സേവാ മെഡൽ പുരസ്കാരം. മുരിദ്കെയിലെയും ബഹാവൽപൂരിലെയും ഭീകരവാദ കേന്ദ്രങ്ങളും പാക്കിസ്ഥാൻ സൈനിക കേന്ദ്രങ്ങളും തകർത്ത യുദ്ധവിമാന പൈലറ്റുമാർ ഉൾപ്പെടെ ഒമ്പത് ഇന്ത്യൻ വ്യോമസേന ഉദ്യോഗസ്ഥർക്ക് വീർ ചക്രയും പ്രഖ്യാപിച്ചു. യുദ്ധകാലത്തെ മൂന്നാമത്തെ ഉയർന്ന ധീരതാ മെഡൽ ആണ് വീർ ചക്ര. നാല് സൈനികർക്ക് കീർത്തി ചക്രയും വീർ ചക്രയും എട്ടു സൈനികർക്ക് ശൗര്യ ചക്രയും നൽകി ആദരിക്കും.

പോലീസ് മെഡലുകൾ പ്രഖ്യാപിച്ചു; മെഡൽ ലഭിക്കുന്നത് 1090 പേർക്ക്

തിരുവനന്തപുരം: രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ പ്രഖ്യാപിച്ചു. ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള മെഡലുകളാണ് പ്രഖ്യാപിച്ചത്. 1090 പേർക്കാണ് ഇത്തവണ മെഡൽ പ്രഖ്യാപിച്ചിരിക്കുന്നത്.

ഇതിൽ 233 പേർക്ക് ധീരതയ്ക്കും 99 പേർക്ക് വിശിഷ്ട സേവനത്തിനുള്ള മെഡലുകളാണ് ലഭിച്ചത്.

58 പേർക്ക് സുസ്തുർഹമായ സേവനത്തിനുള്ള മെഡലുകളുമാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

കേരളത്തിൽ നിന്ന് എസ്പി അജിത് വിജയനാണ് വിശിഷ്ട സേവനത്തിനുള്ള മെഡൽ ലഭിച്ചിരിക്കുന്നത്. കേരളത്തിൽ നിന്ന് 10 പേർക്ക് സുസ്തുർഹമായ സേവനത്തിനുള്ള മെഡൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ജമ്മുകാഷ്മീർ മേഘവിസ്ഫോടനം: മരണസംഖ്യ 56; 110 പേർക്ക് പരിക്ക

ശ്രീനഗർ: ജമ്മു കാഷ്മീരിലുണ്ടായ മേഘവിസ്ഫോടനത്തിൽ മരണസംഖ്യ 56 ആയി. കിഷ്ത്വാർ ജില്ലയിലെ പാഡർ മേഖലയിലെ ചോസിതി ഗ്രാമത്തിലാണ് സംഭവം. മരിച്ചവരിൽ രണ്ടുപേർ സിഐഎസ്എഫ് ഉദ്യോഗസ്ഥരാണ്.

110 പേർക്ക് പരിക്കേറ്റതായാണ് വിവരം. കിഷ്ത്വാർ ജില്ലയിലെ പാഡർ മേഖലയിലെ ചോസിതി ഗ്രാമത്തിലാണ് സംഭവം.

46 മൃതദേഹങ്ങൾ കണ്ടെടുത്തതായും മരണസംഖ്യ ഉയരാൻ സാധ്യതയുണ്ടെന്നും വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു. കിഷ്ത്വാറിലെ മചൈൽ മാത തീർഥാടന കേന്ദ്രത്തിലേക്കുള്ള പാത തുടങ്ങുന്ന പ്രദേശത്താണ് മേഘവിസ്ഫോടനവും തുടർന്ന് മിന്നൽ പ്രളയവുമുണ്ടായത്.

സ്ഥലത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. രക്ഷാപ്രവർത്തനങ്ങളിൽ സൈന്യവും പങ്കുചേർന്നിട്ടുണ്ട്. എൻഡിആർഎഫ്, എസ്ഡിആർഎഫ് സംഘങ്ങൾ സ്ഥലത്തുണ്ട്. പ്രദേശത്ത് കാര്യമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമിക വിവരമെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

മുതലപ്പൊഴിയിൽ തുടർച്ചയായുണ്ടാകുന്ന അപകടങ്ങളിലും ജീവഹാനിയിലും ന്യൂനപക്ഷ കമ്മിഷൻ ഉത്കണ്ഠ രേഖപ്പെടുത്തി

തിരുവനന്തപുരം: മുതലപ്പൊഴിയിൽ തുടർച്ചയായുണ്ടാകുന്ന അപകടങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് സംഭവിക്കുന്ന ജീവഹാനിയിലും സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ഉത്കണ്ഠ രേഖപ്പെടുത്തി. മുതലപ്പൊഴിയിൽ തുടർച്ചയായുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ സ്വമേധയാ എടുത്ത കേസ് പരിഗണിക്കവെയാണ് കമ്മിഷൻ ചെയർമാൻ അഡ്വ. എ. എ റഷീദ് പ്രശ്ന പരിഹാരം കാണുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ പുലർത്തുന്ന നിസംഗതയിൽ അതൃപ്തി അറിയിച്ചത്.

അഴിമുഖത്തും ചാനലിലും അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി ഏപ്രിൽ മാസത്തിൽ ഡ്രഡ്ജർ എത്തിച്ചുവെങ്കിലും ഏതാനും ദിവസങ്ങൾ മാത്രമാണ് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞത്. തകരാറിലായ ഡ്രഡ്ജറിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി മണൽനീക്കം പുനരാരംഭിക്കുവാൻ നാളിതുവരെ കഴിഞ്ഞില്ലെന്നത് ഉദ്യോഗസ്ഥരുടെ കുറ്റകരമായ അനാസ്ഥയായി കമ്മിഷൻ വിലയിരുത്തി. ഡ്രഡ്ജറിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തീകരിച്ച് ഈ മാസം തന്നെ മണൽനീക്കം പുനരാരംഭിക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് കമ്മിഷൻ അധികൃതർക്ക് നിർദേശം നൽകി.

ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് അടുത്ത സിറ്റിങ്ങിൽ സമർപ്പിക്കുവാനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കമ്മിഷൻ നിർദേശം നൽകി.

എസ്. എ. ടി ആശുപത്രിയിലെ അമ്മയും കുഞ്ഞും ബ്ലോക്കിന്റെ പ്രവർത്തനം സംബന്ധിച്ച് കമ്മിഷൻ സ്വമേധയാ എടുത്ത കേസിൽ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഷെഡ്യൂൾ തയ്യാറായിട്ടുണ്ടെന്നും മാർച്ച് മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണെന്നുമുള്ള എസ്. എ. ടി ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചു.

സംസ്ഥാന ന്യൂനപക്ഷ കമ്മിഷന് 9746515133 എന്ന നമ്പരിൽ വാട്ട്സ് ആപ്പിലൂടെയും പരാതി സമർപ്പിക്കാവുന്നതാണ്.

മാതാപിതാക്കളെ മകൻ കുത്തിക്കൊന്നു

ആലപ്പുഴ: കൊമ്മാടിയിൽ മകൻ മാതാപിതാക്കളെ കുത്തിക്കൊന്നു. തങ്കരാജ്, ആഗ്നസ് എന്നിവരാണ് മരിച്ചത്. കുടുംബ വഴക്കാണ് കൊലപാതകത്തിന് കാരണം. സംഭവത്തിൽ മകൻ ബാബു(47)വിനെ പോലീസ് അറസ്റ്റ് ചെയ്തു. ഇറച്ചി വെട്ടുകാരനാണ് ബാബു. മദ്യലഹരിയിലാണ് സംഭവമെന്നാണ് പ്രാഥമിക നിഗമനം. സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന വ്യക്തിയാണ് ബാബു എന്നാണ് റിപ്പോർട്ട്. വ്യാഴാഴ്ച വൈകിട്ട് ബാബു വീട്ടിൽ വഴക്കുണ്ടായിക്കിയിരുന്നു. ഇതിന് പിന്നാലെയാണ് രക്ഷിതാക്കളെ ആക്രമിച്ചത്. മാതാവ് ആഗ്നസിനെയാണ് ബാബു ആദ്യം ആക്രമിച്ചത്. ആക്രമണത്തിൽ നിന്നും രക്ഷപ്പെട്ട് ഓടിയ തങ്കരാജിന് പിന്നാലെ പിന്തുടർന്നെത്തിയാണ് ബാബു ആക്രമിച്ചത്. വീട്ടിലേക്കുള്ള വഴിയിലായിരുന്നു തങ്കരാജിൻറെ മൃതദേഹം കണ്ടെത്തിയത്. ആഗ്നസ് സംഭവസ്ഥലത്ത് വച്ച് തന്നെ മരിച്ചിരുന്നു.

തിരുവനന്തപുരത്തെ അടുത്ത ഐടി ഡെസ്റ്റിനേഷനാകാൻ ടെക്നോപാർക്ക് ഫേസ്-4

ടെക്നോസിറ്റി വിപുലീകരണത്തിനായുള്ള സമഗ്ര മാസ്റ്റർപ്ലാൻ പുറത്തിറക്കി

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യത്തെ ഐടി പാർക്കായ ടെക്നോപാർക്കിൻറെ ഫേസ്-4 (ടെക്നോസിറ്റി) വിപുലീകരണത്തിനായുള്ള സമഗ്ര മാസ്റ്റർപ്ലാൻ പുറത്തിറക്കി. കേരളത്തിൻറെ സാങ്കേതിക ആവാസവ്യവസ്ഥയുടെ പരിവർത്തനം സാധ്യമാക്കാനും ഐടിയുടെയും ഇന്നൊവേഷൻറെയും ആഗോള കേന്ദ്രമെന്ന തിരുവനന്തപുരത്തിൻറെ സ്ഥാനം ഊട്ടിയുറപ്പിക്കാനും സഹായിക്കുന്ന സംരംഭമാണിത്.



389 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ഫേസ്-4 ൽ ലോകോത്തര ഐടി സൗകര്യങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ, സാമൂഹിക സൗകര്യങ്ങൾ, ആഗോള സംരംഭങ്ങൾ, വൻകിട നിക്ഷേപങ്ങൾ, കഴിവും നൈപുണ്യവുമുള്ള പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സംവിധാനങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന കേന്ദ്രമായിട്ടാണ് പദ്ധതി തയ്യാറാക്കുന്നത്.

നഗരത്തിനുള്ളിൽ ഒരു ഉപനഗരമെന്ന നിലയിലാണ് ഫേസ്-4 ലെ സൗകര്യങ്ങൾ വിഭാവനം ചെയ്യുന്നത്. തിരുവനന്തപുരത്തെ അടുത്ത സുപ്രധാന ഐടി ഡെസ്റ്റിനേഷനാണെന്ന് ഫേസ് 4 എന്ന് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. ആഗോള സാങ്കേതിക കേന്ദ്രമായി മാറുന്നതിനുള്ള കേരളത്തിൻറെ യാത്രയിൽ സുപ്രധാന ചുവടുവയ്പായി ഇത് അടയാളപ്പെടുത്തും. ശക്തമായ ഡിജിറ്റൽ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് സാമ്പത്തിക അവസരം, സുസ്ഥിര നഗര രൂപകൽപ്പന, മികച്ച ജീവിത നിലവാരം എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ളതാണ് ഈ മാസ്റ്റർപ്ലാനെന്നും അദ്ദേഹം വ്യക്തമാക്കി.ഡൽഹി ആസ്ഥാനമായുള്ള സി.പി കുക്രേജ ആർക്കിടെക്റ്റ്സ് ആണ് ടെക്നോസിറ്റി ഫേസ് -4 നുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. 'വാക്ക് ടു വർക്ക്' എന്ന ആധുനിക ആശയം മുന്നോട്ടുവയ്ക്കുന്ന മാസ്റ്റർപ്ലാൻ ഊർജ്ജസ്വലവും സ്വയംപര്യാപ്തവുമായ ഒരു നഗര ആവാസവ്യവസ്ഥ സാധ്യമാക്കാനും ലക്ഷ്യം വയ്ക്കുന്നു. 'ഫ്യൂച്ചർ ലിവ്സ് ഹിയർ' എന്ന ടെക്നോസിറ്റിയുടെ ടാഗ് ലൈനിലെ ആശയം പൂർണമായും ഉൾക്കൊള്ളുന്നതാണ് പുതിയ വികസന ഘട്ടം.

നിലവിലുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള, സൺടെക് ബിൽഡിംഗ്, കബനി ഐടി ബിൽഡിംഗ്, വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ടിസിഎസ് ഐടി/ഐടി അധിഷ്ഠിത ഹബ്ബ്, രണ്ട് ഐടി ടവറുകൾ, വാണിജ്യ സമുച്ചയം, റെസിഡൻഷ്യൽ കോംപ്ലക്സ് എന്നിവ ഉൾപ്പെടുന്ന മിനി ടൗൺഷിപ്പ് (ക്വാഡ്) എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന പദ്ധതികളും മാസ്റ്റർപ്ലാനിൽ ഉൾപ്പെടുന്നു.

ഗവേഷണ-വികസന കേന്ദ്രങ്ങൾക്കായുള്ള ഗവേഷണ-ഇന്നൊവേഷൻ ഹബ്ബുകൾക്കൊപ്പം ഐടി/ഐടി അധിഷ്ഠിത, ഇലക്ട്രോണിക്സ് തുടങ്ങി വളർന്നുവരുന്ന സാങ്കേതിക മേഖലകൾക്കായി പ്രത്യേക സോണുകൾ ഫേസ്-4 ൽ ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ-നൈപുണ്യ വികസന മേഖല, ബഹിരാകാശ-ഉപഗ്രഹ നവീകരണത്തെ പിന്തുണയ്ക്കുന്നതിനുള്ള കേരള സ്പേസ് പാർക്ക്, ചെറുകിട ഇടത്തരം സംരംഭങ്ങളെ വളർത്തുന്നതിനുള്ള എംഎസ്എംഇ ടെക്നോളജി സെൻറർ, കെഎസ്‌യുഎമ്മിന് കീഴിലുള്ള എമർജിംഗ് ടെക്നോളജി ഹബ്ബ്, നിർദ്ദിഷ്ട സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി, യൂണിറ്റി മാൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.ഡിജിറ്റൽ 110 കെവി ഇലക്ട്രിക്കൽ സബ്സ്റ്റേഷനും മികച്ച ജലവിതരണ സംവിധാനവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ടെക്നോസിറ്റിയിലുണ്ട്.

ആഗോള സുസ്ഥിര മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതി ഊർജ്ജ കാര്യക്ഷമത, സുസ്ഥിര വാസ്തുവിദ്യ, ജോലി, ജീവിതം, പ്രകൃതി എന്നിവയുടെ സംയോജനത്തിന് ഊന്നൽ നൽകുന്നു. ഹരിത ഇടങ്ങൾ, കാലാവസ്ഥയെ പ്രതിരോധിക്കുന്ന ലാൻഡ് സ്കേപ്പിംഗ് തുടങ്ങിയവ ഉൾക്കൊള്ളുന്ന മികച്ച അന്തരീക്ഷം ഉറപ്പാക്കുന്നതിനൊപ്പം വിനോദം, ആരോഗ്യ സംരക്ഷണം, വാണിജ്യ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും സംയോജിപ്പിക്കും.കാലക്രമേണ മാസ്റ്റർപ്ലാൻ വികസിക്കുമ്പോൾ, ഗ്ലോബൽ കേപ്പബിലിറ്റി സെൻറർ (ജിസിസി), ഹൈടെക് മാനുഫാക്ചറിങ്, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയിലൂടെ ടെക്നോപാർക്ക് ഫേസ് -4 ൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.1990 ൽ സ്ഥാപിതമായ ടെക്നോപാർക്കിൽ നിലവിൽ 500-ലധികം കമ്പനികളും 80,000 ജീവനക്കാരുമാണുള്ളത്.

സർക്കാരിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചിട്ടില്ല; കാരണം കാണിക്കൽ നോട്ടസീന് ഡോ. ഹാരിസ് മറുപടി നൽകി

തിരുവനന്തപുരം: മെഡിക്കൽ കോളജിലെ ഉപകരണ ക്ഷാമത്തെക്കുറിച്ച് വെളിപ്പെടുത്തൽ നടത്തിയതിന് ആരോഗ്യവകുപ്പിൽ നിന്ന് ലഭിച്ച കാരണം കാണിക്കൽ നോട്ടീസിന് ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. ആരോപണങ്ങൾ നിഷേധിച്ച് കൊണ്ടാണ് ഡോക്ടർ മറുപടി നൽകിയത്. മറ്റൊരു ഡോക്ടർ പണം നൽകി സ്വന്തമായി വാങ്ങിയ ഉപകരണം തനിക്ക് ഉപയോഗിക്കാനാകില്ല. ഉപകരണക്ഷാമം അധികാരികളെ അറിയിച്ചിരുന്നുവെന്നും സർക്കാരിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. ചികിത്സ മുടങ്ങിയ ദിവസം ഹാരിസ് ബദൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയില്ലെന്ന് അന്വേഷണ കമ്മീഷൻ കണ്ടെത്തിയിരുന്നു.

എന്നാൽ താൻ പറഞ്ഞ ദിവസം ഉപകരണം ഉണ്ടായിരുന്നില്ല. പിറ്റേന്ന് മറ്റൊരു ഡോക്ടർ ശസ്ത്രക്രിയ നടത്തിയത് അദ്ദേഹം സ്വന്തമായി വാങ്ങിയ ഉപകരണം ഉപയോഗിച്ചാണെന്നും അത് സർക്കാർ വാങ്ങിയ ഉപകരണമായിരുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഓടിക്കൊണ്ടിരുന്ന കെഎസ്ആർടിസി ബസിൽ തീയും പുകയും; യാത്രക്കാർ ചാടിരക്ഷപ്പെട്ടു

തൃശൂർ: ഓടിക്കൊണ്ടിരുന്ന കെഎസ്ആർടിസി ബസിന് തീപിടിച്ചു. യാത്രക്കാർ ബസിൽ നിന്ന് ചാടി രക്ഷപ്പെട്ടു. ഇന്നുരാവിലെ ഒന്പതോടെയാണ് സംഭവം. മാളയിൽ നിന്ന് തൃശൂരിലേക്ക് പോവുകയായിരുന്ന കെഎസ്ആർടിസി ഫാസ്റ്റ് ബസിന്റെ മുൻഭാഗത്തായാണ് തീയും പുകയും ഉണ്ടായത്. കൊമ്പൊടിഞ്ഞാമാക്കലിനും ആളൂരിനുമിടയിലാണ് ബസിൽ നിന്നും പുക ഉയർന്നത്. പുക കണ്ടയുടൻ ഡ്രൈവർ ബസ് നിർത്തിയതിനാൽ കൂടുതൽ അപകടമുണ്ടായില്ല. ബസിനു തീപിടിച്ചെന്ന് കരുതി യാത്രക്കാർ ഉടനെ ബസിൽ നിന്നിറങ്ങാൻ തിരക്കുകൂട്ടുന്നതിനിടെ ബസിന്റെ ഒരു വാതിൽ തകരാറിലായി തുറക്കാനാകാത്ത അവസ്ഥയിലായി. ഇതോടെ ഭീതിയിലായ യാത്രക്കാരിൽ ചിലർ വശങ്ങളിലെ ജനലുകൾ വഴി പുറത്തേക്ക് ചാടുകയും ചെയ്തു. എങ്കിലും ആർക്കും ആളപായമുണ്ടായതായി റിപ്പോർട്ടില്ല. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. സംഭവമറിഞ്ഞ് ആളൂർ പോലീസും, ഫയർ ഫോഴ്സും സ്ഥലത്തെത്തി.

സ്വാതന്ത്ര്യ ദിനാഘോഷം: മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തും

സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ രാവിലെ 9 ന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സായുധ സേനാ വിഭാഗങ്ങളുടെയും മറ്റ് വിഭാഗങ്ങളുടെയും പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. പരേഡ് കമാൻഡർ അഞ്ജലി ഭാവനയുടെ നേതൃത്വത്തിൽ മലബാർ സ്പെഷ്യൽ പോലീസ്, സ്പെഷ്യൽ ആംഡ് പോലീസ്, കെ എ പി, കേരള ആംഡ് വുമൺ പോലീസ് ബറ്റാലിയൻ, ഇന്ത്യ റിസർവ് ബറ്റാലിയൻ, റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ്, ജയിൽ, എക്സൈസ്, വനം വകുപ്പുകൾ, തിരുവനന്തപുരം സിറ്റി പോലീസ്, തമിഴ്നാട് പോലീസ് മറ്റ് വിഭാഗങ്ങളായ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്എ, മോട്ടോർ വാഹന വകുപ്പ്, എൻ.സി.സി, സ്കൗട്ട്സ്, ഗൈഡ്സ്, സൈനിക് സ്കൂൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, അശ്വാരൂഢ സേന തുടങ്ങിയവർ പരേഡിൽ പങ്കെടുക്കും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാ പതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ഭാരതീയ വായുസേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും. പരേഡിനുശേഷം തിരുവനന്തപുരം നഗരത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾ ദേശഭക്തി ഗാനങ്ങൾ അവതരിപ്പിക്കും.

പ്രവാസിസംരംഭകർക്കായി നോർക്ക-ട്രാവൻകൂർ പ്രവാസി കോ. സൊസൈറ്റി സംരംഭകത്വ വായ്പാ നിർണ്ണയക്യാമ്പ് ഓഗസ്റ്റ് 18 ന് തിരുവനന്തപുരത്ത്

പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ. ഓപ്പറേറ്റീവ് സൊസൈറ്റിയും സംയുക്തമായി 2025 ഓഗസ്റ്റ് 18 ന് തിരുവനന്തപുരത്ത് വായ്പാവിതരണവും, സംരംഭകത്വ വായ്പാ നിർണ്ണയ ക്യാമ്പും സംഘടിപ്പിക്കുന്നു. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ. ഡി. പി. ആർ. ഇ. എം പദ്ധതി പ്രകാരമാണ് ക്യാമ്പ്. തൈക്കാട് നോർക്ക സെന്ററിൽ സംഘടിപ്പിക്കുന്ന വായ്പാവിതരണം-വായ്പാ നിർണ്ണയക്യാമ്പ് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാൻ അഡ്വ. ഗഫൂർ പി ലില്ലീസ് മുഖ്യാതിഥിയാകും.

പ്രവാസി ക്ഷേമനിധി ബോർഡ് ഡയറക്ടറും ട്രാവൻകൂർ പ്രവാസി കോ. ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റുമായ കെ. സി. സജീവ് തൈയ്ക്കാട്, ക്ഷേമനിധി ബോർഡ് ഡയറക്ടർ ബാദുഷ കടലുണ്ടി, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി എന്നിവരും ചടങ്ങിൽ സംബന്ധിക്കും.

വായ്പാ നിർണ്ണയക്യാമ്പിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. പാസ്സ്പോർട്ട്, ആധാർ, പാൻ കാർഡ്, ഇലക്ഷൻ ഐ. ഡി, റേഷൻ കാർഡ് എന്നിവയുടെ ഒറിജിനലും പകർപ്പുകളും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ പദ്ധതി-വിശദീകരണം, പദ്ധതിക്കാവശ്യമായ മറ്റു രേഖകൾ എന്നിവ സഹിതമാണ് പങ്കെടുക്കേണ്ടത്. പ്രവാസി കൂട്ടായ്മകൾ, പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനികൾ, സൈാസൈറ്റികൾ എന്നിവർക്കും അപേക്ഷിക്കാൻ അർഹതയുണ്ട്. രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു മടങ്ങിയെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും എൻ. ഡി. പി. ആർ. ഇ. എം പദ്ധതി പ്രയോജനപ്പെടുത്താം.

സംരംഭങ്ങൾക്ക് 30 ലക്ഷം രൂപവരെയുള്ള വായ്പകൾ പദ്ധതിവഴി ലഭിക്കും. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും മുന്നു ശതമാനം പലിശ സബ്സിഡിയും ലഭിക്കും. നോർക്ക റൂട്ട്സിന്റെ ഠഠഠ.ിീൃസമൃീീെേ.ീൃഴ എന്ന വെബ്സൈറ്റു വഴി പ്രവാസികൾക്ക് അപേക്ഷ നൽകാവുന്നതാണ്.

സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച് കേരളം

പ്രഖ്യാപനം ഈ മാസം 21ന്; പഠിതാക്കളിൽ 90 വയസ്സിന് മുകളിൽ പ്രായമുള്ള 15,223 പേരും

രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പാക്കിയ 'ഡിജി കേരളം- സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി' വിജയകരമായി പൂർത്തീകരിച്ചു കൊണ്ടുള്ള പ്രഖ്യാപനം ഈ മാസം 21ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് നടത്തും.

വിവരസാങ്കേതിക മേഖലയിലെ മുന്നേറ്റം എല്ലാ വിഭാഗം ജനങ്ങളിലേക്കും പ്രായോഗികമായി എത്തിച്ച് പ്രായഭേദമന്യേ എല്ലാവർക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷര ഗ്രാമപപഞ്ചായത്തായി പ്രഖ്യാപിച്ച തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഡിജിറ്റൽ സാക്ഷരതാ പദ്ധതി അതേ മാതൃകയിൽ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുകയായിരുന്നു.

സ്മാർട് ഫോൺ ഉപയോഗം, ഇന്റർനെറ്റ് ഉപയോഗം, സർക്കാരിന്റെ ഇ-സേവനങ്ങൾ പ്രയോജനപ്പെടുത്തൽ എന്നിവയാണ് പാഠ്യവിഷയങ്ങൾ. 83 ലക്ഷത്തിൽപ്പരം (83,45,879) കുടുംബങ്ങളിലായി ഒന്നര ക്കോടിയിലേറെ (1,50,82,536) ആളുകളെ ഉൾപ്പെടുത്തി സർവേ നടത്തി 21,88,398 പേരെ പഠിതാക്കളായി കണ്ടെത്തി.

ഇവരിൽ 21,87,966 (99.98%) പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി. അവരിൽ 21,87,667 (99.98%) പഠിതാക്കൾ മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചു. സർവേയിലൂടെ കണ്ടെത്തിയ പഠിതാക്കളിൽ 90 വയസ്സിന് മുകളിൽ പ്രായമുള്ള 15,223 പേരും ഉൾപ്പെടുന്നു. കുടുംബശ്രീപ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.-എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, ചടട, ചഇഇ, ചഥഗ, സന്നദ്ധ സേന വോളണ്ടിയർമാർ, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, സന്നദ്ധസംഘടനകൾ, യുവതീ-യുവാക്കൾ, വിദ്യാർഥികൾ എന്നിവർ ഉൾപ്പെടെ 2,57,000 വോളണ്ടിയർമാരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണയവും നടത്തിയത്.

പരിശീലനം പൂർത്തിയാക്കിയവരെ മൂല്യനിർണയ പ്രക്രിയയ്ക്ക് വിധേയരാക്കി. മൂല്യനിർണയത്തിൽ പരാജയപ്പെട്ടവർക്ക് വീണ്ടും പരിശീലനം നൽകി തുടർ മൂല്യനിർണയവും ഉറപ്പാക്കി. 'ഡിജി കേരളം'പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായി ജില്ലാ തലത്തിൽ സൂപ്പർ ചെക്ക് പ്രക്രിയ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. സൂപ്പർ ചെക്കിൽ 10%-ൽ അധികം പഠിതാക്കൾ പരാജയപ്പെട്ട എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർവേയിലൂടെ കണ്ടെത്തിയ എല്ലാ പഠിതാക്കൾക്കും വീണ്ടും പരിശീലനം നൽകി.ഡിജി കേരളം' പദ്ധതിയുടെ തേർഡ് പാർട്ടി മൂല്യനിർണ്ണയം ഇക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് മുഖേന നടത്തി. മേൽ പ്രവർത്തനങ്ങൾക്കായി ഒരു വെബ് പോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും സജ്ജീകരിച്ചിരുന്നു.

സമ്പൂർണ സാക്ഷരത നേടുന്ന ആദ്യ സംസ്ഥാനമെന്ന പദവിക്ക് പുറമെ, സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടുന്ന ആദ്യ സംസ്ഥാനമെന്ന ബഹുമതിയും കേരളം സ്വന്തമാക്കിയിരിക്കുന്നു.

ടിടിസി വിദ്യാർഥിനിയുടെ മരണം: പ്രതി റമീസിന്റെ മാതാപിതാക്കൾ ഒളിവിൽ, പ്രേരണക്കുറ്റം ചുമത്തി

കൊച്ചി: കോതമംഗലത്തു ടിടിസി വിദ്യാർഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ അറസ്റ്റിലായ പ്രതി ആലുവ പാനായിക്കുളം സ്വദേശി റമീസിന്റെ മാതാപിതാക്കൾക്കെതിരേ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി. കേസിൽ പിതാവ് റഹീം രണ്ടാം പ്രതിയും മാതാവ് ശരീഫ മൂന്നാം പ്രതിയുമാണ്. അതേസമയം, ഇരുവരും ഒളിവിലാണ്. റമീസ് അറസ്റ്റിലായതിനു പിന്നാലെ വീടു പൂട്ടി ഒളിവിൽ പ്പോകുകയായിരുന്നു. ഇവർ പോകാൻ സാധ്യതയുള്ള ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകൾ കേന്ദ്രീകരിച്ചു പോലീസ് പരിശോധന നടത്തുന്നുണ്ട്. കസ്റ്റഡിയിലെടുത്താൽ മൊഴി രേഖപ്പെടുത്തി അറസ്റ്റ് ചെയ്യാനാണു പോലീസ് നീക്കം. ഇതിനിടെ, ഇവർ മുൻകൂർ ജാമ്യത്തിന് ശ്രമിക്കുന്നതായും സംശയം ഉയരുന്നുണ്ട്. കേസിൽ യുവതിയുടെ സുഹൃത്ത് സഹദിനേയും പ്രതിചേർത്തിട്ടുണ്ട്. യുവതിയെ റമീസ് മർദിക്കുന്നത് കണ്ടിട്ടും സഹദ് തടഞ്ഞില്ലെന്നാണ് കണ്ടെത്തൽ. സഹദിനെ പ്രത്യേക അന്വേഷണസംഘം ഉടൻ ചോദ്യം ചെയ്യും.

റമീസിന്റെമേൽ ചുമത്തപ്പെട്ട കുറ്റങ്ങൾക്ക് പോലീസിനു വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ, നിർബന്ധിത മതപരിവർത്തനം എന്നപേരിൽ കേസെടുക്കാവുന്ന സാഹചര്യം ഇപ്പോഴില്ലെന്നാണു പോലീസിന്റെ നിലപാട്. ഒരാളെ പ്രണയിക്കുന്നതും മതംമാറ്റി വിവാഹം കഴിക്കുന്നതും കുറ്റകരമായി കാണാനാകില്ല. എന്നാൽ മതം മാറ്റിയശേഷം ചൂഷണം ചെയ്യുന്നതിനോ തീവ്രവാദ പ്രവർത്തനങ്ങൾക്കോ മറ്റും ഉപയോഗിക്കുന്നതിനോ ആയിരുന്നു റമീസിന്റെ ലക്ഷ്യമെന്നു കണ്ടെത്തിയാലേ ലൗ ജിഹാദ് എന്നതിന്റെ അടിസ്ഥാനത്തിൽ കേസെടുക്കാൻ കഴിയുകയുള്ളൂ. അന്വേഷണം തുടരുകയാണെന്നും ഓരോ ഘട്ടത്തിലും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ കൂടുതൽ വകുപ്പുകൾ ചുമത്തുമെന്നും പോലീസ് പറഞ്ഞു.

ഫോൺവിളിയെച്ചൊല്ലി വഴക്ക്; ഭാര്യയെ വെട്ടിക്കൊലപ്പെടുത്തി ഭർത്താവ്

തിരുവനന്തപുരം: മദ്യലഹരിയിൽ ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു. തിരുവനന്തപുരം നേമം കുരുട്ടുവിക്കട്ടുവിളയ്ക്ക് സമീപമുണ്ടായ സംഭവത്തിൽ ബിൻസി ആണ് മരിച്ചത്. ബുധനാഴ്ച രാത്രി സുനിൽ മദ്യപിച്ചെത്തി വീട്ടിൽ വഴക്കുണ്ടാക്കിയിരുന്നു. വ്യാഴാഴ്ച രാവിലെ 11ന് അയൽവാസികൾ വീട്ടിലെത്തിയപ്പോഴാണ് കഴുത്തിന് വെട്ടേറ്റ് രക്തത്തിൽ കുളിച്ചുകിടക്കുന്ന ബിൻസിയെ കണ്ടെത്തിയത്. ഉടൻ തന്നെ ശാന്തിവിളയിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. സുനിൽ വീട്ടിലെത്തുമ്പോൾ ഭാര്യ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.ഇതാണ് വഴക്കിലേക്ക് നയിച്ചതെന്ന് പോലീസ് പറഞ്ഞു. നേമം പോലീസ് പ്രതിയെ വിശദമായി ചോദ്യം ചെയ്തുവരുകയാണ്. ബിൻസിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

ഗവർണറുടെ സ്വാതന്ത്ര്യദിന ആശംസ

"നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിൻറെ 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന വേളയിൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ലോകമെമ്പാടുമുള്ള എല്ലാ മലയാളികൾക്കും എന്റെ ഹൃദയംഗമമായ സ്വാതന്ത്ര്യദിന ആശംസകൾ നേരുന്നു.ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയിൽ, ജനാധിപത്യ മൂല്യങ്ങൾ കൂടുതൽ ഉയർത്തിപ്പിടിച്ചുകൊണ്ടും, സഹജീവികൾക്ക് കൂടുതൽ അന്തസ്സ് ഉറപ്പാക്കിക്കൊണ്ടും നമ്മുടെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും കാത്തു സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

നമ്മുടെ നാടിന്റെ സ്വാതന്ത്ര്യത്തിനായി ജീവൻ നല്കിയ ധീര ദേശാഭിമാനികളുടെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം, കൂടുതൽ വികസിതവും സ്വയം പര്യാപ്തവും എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിനായി നമുക്ക് പുനരർപ്പണം ചെയ്യാം.

79-ാമത് സ്വാതന്ത്ര്യദിനത്തിൽ, എല്ലാവർക്കും തിളക്കമാർന്നതും ആരോഗ്യകരവും സമൃദ്ധവുമായ ഭാവി ആശംസിക്കുന്നു.

നിമിഷപ്രിയയുടെ മോചനം: ഹർജി എട്ട് ആഴ്ചത്തേക്ക് മാറ്റി സുപ്രീംകോടതി

ന്യൂഡൽഹി: യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മലയാളി നഴ്സ് നിമിഷപ്രിയയ്ക്കായി ഇടപെടലാവശ്യപ്പെട്ടുള്ള ഹർജി എട്ട് ആഴ്ച കഴിഞ്ഞ് പരിഗണിക്കാൻ മാറ്റി സുപ്രീംകോടതി. അടിയന്തര സാഹചര്യം ഉണ്ടായാൽ വീണ്ടും പരാമർശിക്കാനും ജസ്റ്റീസ് വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ച് നിർദേശം നൽകി.

സേവ് നിമിഷപ്രിയ ആക്ഷൻ കൗൺസിൽ നൽകിയ ഹർജിയാണ് സുപ്രീം കോടതി പരിഗണിച്ചത്. കേസിലെ നിലവിലെ സ്ഥിതിഗതികൾ കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ വിശദീകരിച്ചു. വധശിക്ഷയുടെ തീയതി മാറ്റിയ കാര്യം നിമിഷപ്രിയയ്ക്കായി ഹാജരായ അഭിഭാഷകൻ സുഭാഷ് ചന്ദ്രൻ കോടതിയെ അറിയിച്ചു.

നിമിഷപ്രിയയുടെ മോചനശ്രമത്തിനായി യെമനിലേക്ക് പോകാൻ അനുവദിക്കണമെന്ന ആക്ഷൻ കൗൺസിലിന്റെ അപേക്ഷ കേന്ദ്ര സർക്കാർ തള്ളിയിരുന്നു. ഇക്കാര്യവും കേന്ദ്രം കോടതിയെ അറിയിച്ചു.

സ്പോട്ട് അഡ്മിഷൻ

തൃശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ എംസിഎ കോഴ്സിൽ എസ്സി വിഭാഗത്തിൽ ഒഴിവുള്ള 1 സീറ്റിലേക്ക് ആഗസ്റ്റ് 18ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക്: https://gectcr.ac.in

പോലീസ് സബ് ഇൻസ്പെക്ടറായി ആൾമാറാട്ടം; യുവാവ് അറസ്റ്റിൽ

ന്യൂഡൽഹി: പോലീസ് സബ് ഇൻസ്പെക്ടറായി ആൾമാറാട്ടം നടത്തിയ യുവാവ് അറസ്റ്റിൽ. രോഹിണി നിവാസിയായ ലഖ്പത് സിംഗ് നേഗി(36) യാണ് അറസ്റ്റിലായത്.

മൗര്യ എൻക്ലേവ് പോലീസ് സ്റ്റേഷനിലെ പട്രോളിംഗ് ഉദ്യോഗസ്ഥർ പിതാംപുരയിൽ നിന്നാണ് ഇയാളെ പിടികൂടിയതെന്ന് ഡിസിപി (വടക്കുപടിഞ്ഞാറൻ) ഭീഷം സിംഗ് പറഞ്ഞു.

ഒരു കാറിനുള്ളിൽ സംശയാസ്പദമായ സാഹചര്യത്തിലാണ് ഇയാളെ പോലീസ് കണ്ടെത്തിയത്. ചോദ്യം ചെയ്യലിൽ കൃത്യമായ വിവരങ്ങൾ പറയാതിരുന്ന ഇയാൾ, താൻ ദ്വാരകയിലെ സൈബർ പോലീസ് സ്റ്റേഷനിൽ നിയമിതനായ സബ് ഇൻസ്പെക്ടറാണെന്ന് അവകാശപ്പെട്ടു.

എന്നാൽ ഇതിൽ സംശയം തോന്നിയ ഉദ്യോഗസ്ഥർ ഇയാളെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പോലീസ് തിരിച്ചറിയൽ രേഖ ആവശ്യപ്പെട്ടുവെങ്കിലും ഇയാൾ നൽകിയില്ല. പിഐഎസ് നമ്പർ ആവശ്യപ്പെട്ടപ്പോൾ തെറ്റായ വിവരങ്ങൾ കൈമാറി. ഇയാളുടെ വാഹനത്തിൽ നടത്തിയ പരിശോധനയിൽ, ലഖ്പത് സിംഗ് എന്ന പേരും ഫോട്ടോയും ആലേഖനം ചെയ്ത നാല് വ്യാജ ഡൽഹി പോലീസ് തിരിച്ചറിയൽ കാർഡുകൾ, നെയിം പ്ലേറ്റുള്ള ഒരു പോലീസ് യൂണിഫോം, മൂന്ന് മൊബൈൽ ഫോണുകൾ, കളിപ്പാട്ട പിസ്റ്റൾ, തൊപ്പികൾ, ഒരു ഫ്ലൂറസെന്റ് ജാക്കറ്റ്, ഡൽഹി പോലീസ് സ്റ്റിക്കറുകൾ, ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന നിരവധി ബാഡ്ജുകൾ, ഫയൽ കവറുകൾ, കോടതി സമൻസ്, എട്ട് ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ എന്നിവ കണ്ടെടുത്തായി ഉദ്യോഗസ്ഥർ പറഞ്ഞു. ബിരുദധാരിയും മുൻ അക്കൗണ്ടൻറുമായ നേഗി ചോദ്യം ചെയ്യലിൽ, ബഹുമാനവും സാമ്പത്തിക നേട്ടവും നേടുന്നതിനായി കഴിഞ്ഞ രണ്ട് വർഷമായി ഡൽഹി പോലീസ് ഉദ്യോഗസ്ഥനായി വേഷമിടുകയായിരുന്നുവെന്ന് സമ്മതിച്ചു.

നേഗിക്ക് ക്രിമിനൽ പശ്ചാത്തലമൊന്നുമില്ലെങ്കിലും, ആളുകളുമായി ഇടപഴകാൻ ഇയാൾ തന്റെ വ്യാജ ഐഡൻറിറ്റി ഉപയോഗിച്ചിരിക്കാമെന്ന് കണ്ടെത്തിയതായി പോലീസ് പറഞ്ഞു.

ഇത്രയും മോശം റോഡിൽ എങ്ങനെ ടോൾ പിരിക്കും ': ദേശീയപാതാ അതോറിറ്റിയോട് സുപ്രീം കോടതി

ന്യൂഡൽഹി: തൃശൂർ പാലിയേക്കരയിലെ ടോൾ വിഷയത്തിൽ ദേശീയപാതാ അതോറിറ്റിയെ രൂക്ഷമായി വിമർശിച്ച് സുപ്രീം കോടതി. പാലിയേക്കരയിലെ റോഡിന്റെ മോശം അവസ്ഥ തങ്ങൾക്ക് നേരിട്ട് അറിയാമെന്ന് ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ്, ജസ്റ്റീസ് കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.പാലിയേക്കരയിൽ നാലാഴ്ചത്തേക്ക് ടോൾ പിരിവ് തടഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ദേശീയപാതാ അതോറിറ്റി സമർപ്പിച്ച അപ്പീലിലാണ് ബെഞ്ചിന്റെ പരാമർശം.

പാലിയേക്കര വഴി താനും യാത്രചെയ്തിട്ടുണ്ടെന്നും ഇത്രയും മോശം സാഹചര്യത്തിലുള്ള റോഡിൽ എങ്ങനെയാണ് ടോൾ പിരിക്കുകയെന്നും ചീഫ് ജസ്റ്റീസ് ചോദിച്ചു.ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിലെ ഗതാഗതക്കുരുക്കു പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയെന്നു ചൂണ്ടിക്കാട്ടിയാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, ഹരിശങ്കർ വി. മേനോൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ടോൾ പിരിവ് നാലാഴ്ചത്തേത്ത് നിർത്തിവച്ചത്.

ജമ്മുകാഷ്മീരിലെ മേഘവിസ്ഫോടനം; മരണസംഖ്യ 12 ആയി

ശ്രീനഗർ: ജമ്മു കാഷ്മീരിലുണ്ടായ മേഘവിസ്ഫോടനത്തിൽ മരണസംഖ്യ 12 ആയി. കിഷ്ത്വാർ ജില്ലയിലെ പാഡർ മേഖലയിലെ ചോസിതി ഗ്രാമത്തിലാണ് സംഭവം. മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് സൂചന. സ്ഥലത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

കിഷ്ത്വാറിലെ മചൈൽ മാത തീർഥാടന കേന്ദ്രത്തിലേക്കുള്ള പാത തുടങ്ങുന്ന പ്രദേശത്താണ് മേഘവിസ്ഫോടനവും തുടർന്ന് മിന്നൽ പ്രളയവുമുണ്ടായത്.

എൻഡിആർഎഫ്, എസ്ഡിആർഎഫ് സംഘങ്ങൾ സ്ഥലത്തെത്തിയിട്ടുണ്ട്. പ്രദേശത്ത് കാര്യമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമിക വിവരമെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

അപകടത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ജമ്മു കാഷ്മീർ ലെഫ്. ഗവർണറും ജമ്മു കാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും അനുശോചനം രേഖപ്പെടുത്തി. രക്ഷാപ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

അർജുൻ തെണ്ടുൽക്കർ വിവാഹിതനാകുന്നു; വധു മുംബൈ സ്വദേശി

മുംബൈ: സച്ചിൻ തെണ്ടുൽക്കറുടെ മകനും ക്രിക്കറ്റ് താരവുമായ അർജുൻ തെണ്ടുൽക്കർ വിവാഹിതനാകുന്നു. മുംബൈയിലെ പ്രമുഖ വ്യവസായി രവി ഘായിയുടെ ചെറുമകൾ സാനിയ ചന്ദോക്കുമായുള്ള വിവാഹനിശ്ചയം കഴിഞ്ഞു. മുംബൈയിൽ സ്വകാര്യമായി സംഘടിപ്പിച്ച ചടങ്ങിൽ ഇരുവരുടെയും കുടുംബാംഗങ്ങളും ഉറ്റ സുഹൃത്തുക്കളും മാത്രമാണ് പങ്കെടുത്തത്. ഇരുപത്തഞ്ചുകാരനായ അർജുൻ 2021 മുതൽ ഐപിഎലിൽ മുംബൈ ഇന്ത്യൻസ് ടീമംഗമാണ്.

മുംബൈ സ്വദേശിയാണെങ്കിലും ആഭ്യന്തര ക്രിക്കറ്റിൽ ഗോവയുടെ താരമാണ് അർജുൻ. മുംബൈയ്ക്കായി കളിച്ചാണ് കരിയർ ആരംഭിച്ചതെങ്കിലും പിന്നീട് ഗോവയിലേക്ക് മാറുകയായിരുന്നു. ഇതുവരെ 17 ഫസ്റ്റ് ക്ലാസ് മത്സരങ്ങൾ കളിച്ചതിൽ ഒരു സെഞ്ചറി ഉൾപ്പെടെ 532 റൺസ് നേടിയിട്ടുണ്ട്. ഒരു അഞ്ച് വിക്കറ്റ് നേട്ടവും രണ്ട് നാലു വിക്കറ്റ് നേട്ടവും ഉൾപ്പെടെ 37 വിക്കറ്റുകളും സ്വന്തമാക്കി. ഐപിഎലിൽ മുംബൈ ഇന്ത്യൻസിനായി അഞ്ച് മത്സരങ്ങളിൽ നിന്ന് മൂന്നു വിക്കറ്റും സ്വന്തമാക്കി.

പാക് സ്വാതന്ത്ര്യദിനാഘോഷത്തിനിടെ വെടിവയ്പ്; മൂന്ന് പേർ കൊല്ലപ്പെട്ടു, 60ലധികം പേർക്ക് പരിക്ക്

കറാച്ചി: പാകിസ്താനിലെ കറാച്ചിയിൽ സ്വാതന്ത്ര്യദിനാഘോഷത്തിനിടെ അശ്രദ്ധമായി നടത്തിയ വ്യോമാഭ്യാസ വെടിവയ്പ്പിൽ മൂന്ന് പേർ കൊല്ലപ്പെട്ടു. 60 ലധികം പേർക്ക് വെടിയേറ്റതായി ജിയോ ന്യൂസ് റിപ്പോർട്ട് ചെയ്തു.

ഒരു മുതിർന്ന പൗരനും എട്ടു വയസുള്ള ഒരു പെൺകുട്ടിയും ഉൾപ്പെടെയാണ് മൂന്ന് പേർ കൊല്ലപ്പെട്ടത്. ആഘോഷങ്ങളുടെ ഭാഗമായി നടന്ന വെടിവയ്പ്പിൽ ഡസൻ കണക്കിന് പേർക്ക് പരിക്കേറ്റതായി രക്ഷാപ്രവർത്തകർ പറഞ്ഞു. ഈ ആചാരത്തെ അശ്രദ്ധവും അപകടകരവുമാണെന്ന് അധികൃതർ അപലപിച്ചു,

പോലീസ് അന്വേഷണം ആരംഭിക്കുകയും വ്യോമാക്രമണത്തിൽ ഏർപ്പെട്ടവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. സ്വാതന്ത്ര്യദിനം സുരക്ഷിതമായ രീതിയിൽ ആഘോഷിക്കാൻ പൗരന്മാരെ അധികൃതർ പ്രേരിപ്പിച്ചു.

തെരുവുനായ വിഷയം: തദ്ദേശ സ്ഥാപനങ്ങൾക്ക് രൂക്ഷവിമർശനം, വിധി പറയുന്നത് മാറ്റി സുപ്രീംകോടതി

ന്യൂഡൽഹി: ദേശീയ തലസ്ഥാന മേഖലയിലെ തെരുവു നായ്ക്കളുമായി ബന്ധപ്പെട്ട കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച നിർദേശങ്ങൾ സ്റ്റേ ചെയ്യണമെന്ന ഹർജിയിൽ വിധി പറയുന്നത് മാറ്റിവച്ചു. ഡൽഹി-ദേശീയ തലസ്ഥാന മേഖലയിലെ തെരുവ് നായ്ക്കളുടെ മുഴുവൻ പ്രശ്നത്തിനും കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയത്വമാണെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. മുൻ ഉത്തരവ് പരസ്യമാകുന്നതിന് മുമ്പ് തന്നെ പല പ്രദേശങ്ങളിലെയും അധികാരികൾ മൃഗങ്ങളെ പിടികൂടാൻ തുടങ്ങിയത് എന്തുകൊണ്ടാണെന്ന് കോടതി ചോദിച്ചു.

ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ. വി. അഞ്ജരിയ എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിച്ചത്. രാജ്യത്ത് ഒരു വർഷത്തിനിടെ 37 ലക്ഷത്തിലധികം നായ്ക്കളുടെ കടിയേറ്റ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഡൽഹി സർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞു. ഡൽഹി-ദേശീയ തലസ്ഥാന മേഖലയിലെ തെരുവുനായ്ക്കളെ എത്രയും വേഗം പിടികൂടി എട്ട് ആഴ്ചയ്ക്കുള്ളിൽ അഭയകേന്ദ്രങ്ങളിലേക്ക് മാറ്റണമെന്ന് ഉൾപ്പെടെയുള്ള നിർദേശങ്ങളാണ് ഓഗസ്റ്റ് 11 ന് സുപ്രീം കോടതി പുറപ്പെടുവിച്ചത്.

കോൺഗ്രസ് എംഎൽഎ സതീഷ് കൃഷ്ണ സെയിലിനെ ഇഡി ചോദ്യം ചെയ്തു

ബംഗളൂരു: അനധികൃതമായി ഇരുന്പയിര് കയറ്റുമതി ചെയ്ത കേസുമായി ബന്ധപ്പെട്ട് കർണാടകയിലെ കോൺഗ്രസ് എംഎൽഎ സതീഷ് കൃഷ്ണ സെയിലിനെ ഇഡി ചോദ്യം ചെയ്തു. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം (പിഎംഎൽഎ) കർണാടക, ഗോവ, മുംബൈ എന്നിവിടങ്ങളിലെ 15 കേന്ദ്രങ്ങളിലാണ് തെരച്ചിൽ നടന്നുവരുന്നത്.

കാർവാറിലെ ബെലെകെരി തുറമുഖത്ത് നിന്നും വനവകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത ഇരുന്പയിര് അനധികൃതമായി കയറ്റി അയച്ചു എന്നതാണ് സെയിലിന്റെ പേരിലുള്ള ആരോപണം. ഉത്തര കന്നഡ ജില്ലയിലെ കാർവാർ നിയസഭാ മണ്ഡലത്തിലെ എംഎൽഎയാണ് ഇദ്ദേഹം.

ഇതുമൂലം സർക്കാർ ഖജനാവിന് 38 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും ഇരുന്പയിരിന്റെ യഥാർഥ മൂല്യം നൂറുകോടിയിലധികം വരുമെന്നുമാണ് കരുതപ്പെടുന്നത്. 2010ൽ കർണാടക ലോകായുക്ത നടത്തിയ അന്വേഷണത്തിന്റെ പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു കേസ് ഉദ്ഭവിച്ചത്.

ജീവന് ഭീഷണിയുണ്ടെന്ന ഹർജി തന്റെ അറിവോടെയല്ലെന്ന് രാഹുൽ ഗാന്ധി; പിൻവലിക്കുമെന്ന് അഭിഭാഷകൻ

ന്യൂഡൽഹി: വിനായക് ദാമോദർ സവർക്കറുടെ അനുയായികളിൽ നിന്ന് ഭീഷണിയുണ്ടെന്ന് ആരോപിച്ച് കോടതിയിൽ സമർപ്പിച്ച ഹർജി തന്റെ അറിവോടെയല്ലെന്ന് രാഹുൽ ഗാന്ധി. രാഹുലിന്റെ സമ്മതമില്ലാതെയാണ് ഹർജി നൽകിയതെന്നും അത് പിൻവലിക്കുമെന്നും അദ്ദേഹത്തിന്റെ അഭിഭാഷകൻ വ്യക്തമാക്കി.

ജുഡീഷ്യൽ മജിസ്ട്രേറ്റ് (ഫസ്റ്റ് ക്ലാസ്) അമോൽ ഷിൻഡെ മുമ്പാകെ സമർപ്പിച്ച അപേക്ഷ പിൻവലിക്കാൻ വ്യാഴാഴ്ച മറ്റൊരു അപേക്ഷ സമർപ്പിക്കുമെന്ന് അഭിഭാഷകൻ മിലിന്ദ് പവാർ പറഞ്ഞു. വി. ഡി. സവർക്കർക്കെതിരെ രാഹുൽ ഗാന്ധി നടത്തിയതായി ആരോപിക്കപ്പെടുന്ന ചില പരാമർശങ്ങളുമായി ബന്ധപ്പെട്ടതാണ് കേസ്. സവർക്കറുടെ അനന്തരവനായ സത്യകി സവർക്കർ ആണ് രാഹുൽ ഗാന്ധിക്കെതിരെ മാനനഷ്ടക്കേസ് നൽകിയത്.

തന്റെ സമീപകാല രാഷ്ട്രീയ പോരാട്ടങ്ങളും തനിക്കെതിരായ മാനനഷ്ടക്കേസിലെ പരാതിക്കാരനായ സത്യകി സവർക്കറുടെ വംശപരമ്പരയും കണക്കിലെടുക്കുമ്പോൾ, ജീവന് ഭീഷണി നേരിടുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി രാഹുൽ ഗാന്ധി ഹർജി സമർപ്പിച്ചതായി റിപ്പോർട്ടുകൾ എത്തിയിരുന്നു. അതിനു പിന്നാലെയാണ് വിശദീകരണവുമായി രാഹുൽ എത്തിയത്.

സംസ്ഥാന സർക്കാരിൻറെ മികച്ച കാർഷിക സ്റ്റാർട്ടപ്പിനുള്ള പുരസ്കാരം

കെഎസ് യുഎം സ്റ്റാർട്ടപ്പായ ഫ്യൂസലേജ് ഇന്നൊവേഷൻസിന് ഫ്യൂസലേജിൻറെ തദ്ദേശീയ ഡ്രോൺ സാങ്കേതികവിദ്യയ്ക്കാണ് അംഗീകാരം

സംസ്ഥാന സർക്കാരിൻറെ മികച്ച കാർഷിക സ്റ്റാർട്ടപ്പിനുള്ള പുരസ്കാരം നേടിയ ഫ്യൂസലേജ് ഇന്നൊവേഷൻസ് എംഡി ദേവൻ ചന്ദ്രശേഖരൻ ഡ്രോണുമായി.

തിരുവനന്തപുരം: സംസ്ഥാന കാർഷിക വികസന, കർഷക ക്ഷേമവകുപ്പിൻറെ മികച്ച കാർഷിക സ്റ്റാർട്ടപ്പിനുള്ള പുരസ്കാരത്തിന് കേരള സ്റ്റാർട്ടപ്പ് മിഷനു (കെഎസ് യുഎം) കീഴിലുള്ള ഡ്രോൺ നിർമ്മാണ കമ്പനിയായ ഫ്യൂസലേജ് ഇന്നൊവേഷൻസ് അർഹമായി. കാർഷിക വിളവ് വർദ്ധിപ്പിക്കാനും രാസകീടനാശിനി ഉപയോഗം കുറയ്ക്കാനും സഹായകമായ ഫ്യൂസലേജിൻറെ തദ്ദേശ കാർഷിക ഡ്രോൺ സാങ്കേതികവിദ്യകൾ പരിഗണിച്ചാണ് അംഗീകാരം.

വളം, കീടനാശിനി എന്നിവ കൃത്യതയോടെ ഉപയോഗിക്കാനുള്ള ഡ്രോണുകളാണ് ഫ്യൂസലേജ് വികസിപ്പിച്ചത്. വിളകൾക്ക് വെള്ളവും വളവും കൃത്യമായ അളവിൽ സ്പ്രേ ചെയ്യാൻ സഹായിക്കുന്ന 'ഫിയ ക്യൂഡി10' സ് പ്രെയിംഗ് ഡ്രോൺ, 'നിരീക്ഷ്' കാർഷിക നിരീക്ഷണ ഡ്രോൺ എന്നിവയാണ് ഫ്യൂസലേജ് വികസിപ്പിച്ച ഡ്രോണുകൾ. കളമശ്ശേരി മേക്കർ വില്ലേജിലാണ് ഫ്യൂസലേജ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്.

കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി സുസ്ഥിര സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻറെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഫ്യൂസലേജിന് ലഭിച്ച പുരസ്കാരമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ഫ്യൂസലേജിൻറെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നബാർഡ്,റബർ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിലൂടെ 2500 ലധികം കർഷകർക്ക് ഡ്രോൺ സേവനങ്ങൾ ഫ്യൂസലേജ് നല്കുന്നുണ്ട്. 2.5 ലക്ഷം ഹെക്ടർ ഭൂമിയിൽ സേവനം എത്തിച്ചിട്ടുള്ള കമ്പനി തദ്ദേശീയമായി നിർമ്മിച്ച ഡ്രോണുകൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാല മേധാവി ബെറിൻ പത്രോസ്, സിഎംഇടി തൃശൂർ മേധാവി ഡോ. എ സീമ, സാമ്പത്തിക വിദഗ്ധർ ഗിരിശങ്കർ ഗണേഷ്, ഹേമന്ത് മാത്തൂർ എന്നിവർ കമ്പനി ഉപദേശകരാണ്.

ഫ്യൂസലേജ് ഇന്നൊവേഷൻസിൻറെ പ്രവർത്തനങ്ങൾക്ക് സ്റ്റാർട്ടപ്പ് മിഷൻ നല്കിയ പിന്തുണ വലുതാണെന്ന് ഫ്യൂസലേജ് ഇന്നൊവേഷൻസ് എംഡി ദേവൻ ചന്ദ്രശേഖരൻ പറഞ്ഞു.

ഫ്യൂസലേജ് വികസിപ്പിച്ച ഡ്രോണുകൾ 30 മുതൽ 40 ശതമാനം വരെ വിളവു യർത്താനും കീടനാശിനി ഉപയോഗം 50 ശതമാനം വരെ കുറയ്ക്കാനും സഹായിക്കും. ഡ്രോൺ സാങ്കേതിക വിദ്യ കൂടുതൽ കർഷകരിലേക്ക് എത്തിക്കാനും അവരുടെ വരുമാനം കൂട്ടാനുമുള്ള പിന്തുണ ഫ്യൂസലേജ് നല്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ധർമസ്ഥല: പരാതിക്കാരനു നുണപരിശോധന നടത്താൻ നീക്കം

മംഗളൂരു: ധർമസ്ഥലയിലെ മുൻ ശുചീകരണ തൊഴിലാളിയുടെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണസംഘത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകൾ വഴിമുട്ടുന്നു. വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പതിമൂന്നാമതായി അടയാളപ്പെടുത്തിയ സ്ഥലത്ത് 18 അടിയോളം താഴ്ചയിൽ കുഴിയെടുത്തു പരിശോധിച്ചെങ്കിലും ഇതുവരെ മനുഷ്യശരീരത്തിന്റെ അവശിഷ്ടങ്ങളൊന്നും കണ്ടെത്താനായില്ല. തെരച്ചിൽ ഇന്നും തുടരും. ഈ സ്ഥലത്തെ പരിശോധനകൾകൂടി പൂർത്തിയാകുന്നതോടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തിയ എല്ലാ സ്ഥലങ്ങളിലെയും പരിശോധന പൂർത്തിയാകും. 15 ഇടങ്ങൾ കുഴിച്ചു പരിശോധിച്ചതിൽ രണ്ടിടങ്ങളിൽനിന്നു മാത്രമാണ് ഇതുവരെ അസ്ഥികൾ കിട്ടിയത്.

ആദ്യത്തേത് പുരുഷന്റെ അസ്ഥിയാണെന്നും രണ്ടാമത്തെ സ്ഥാനത്തുനിന്നു കിട്ടിയ അസ്ഥികൾക്ക് രണ്ടുവർഷത്തിൽ താഴെ മാത്രമാണു പഴക്കമുള്ളതെന്നും പ്രാഥമിക വിലയിരുത്തലുകൾ പുറത്തുവന്നത് അന്വേഷണത്തിനു തിരിച്ചടിയായി. പരാതിക്കാരനായ മുൻ ശുചീകരണ തൊഴിലാളിയുടെ വെളിപ്പെടുത്തൽ എങ്ങുമെത്താത്തതിനാൽ ഇയാളെ നുണപരിശോധനയ്ക്കു വിധേയനാക്കാൻ പ്രത്യേക അന്വേഷണസംഘം ആലോചിക്കുന്നതായാണു സൂചന. പതിമൂന്നാമത്തെ സ്ഥലത്തെ പരിശോധന പൂർത്തിയാകുന്നതോടെ തത്കാലം പരിശോധനാ നടപടികൾ നിർത്തിവയ്ക്കാനും സാധ്യതയുണ്ട്.

ബംഗളൂരുവിൽ കത്തികാട്ടി ഭീഷണിപ്പെടുത്തി പീഡനവും കൊള്ളയടിക്കലും

ബംഗളൂരു: ബെസ്കോം ജീവനക്കാരിയായ 30 വയസുള്ള അസിസ്റ്റൻറ് എൻജിനീയറെ അജ്ഞാതൻ കത്തികാട്ടി ഭീഷണിപ്പെടുത്തി പീഡിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്തെന്ന് യെലഹങ്ക പോലീസ് പറഞ്ഞു. ബംഗളൂരു ജുഡീഷ്യൽ ലേഔട്ടിലെ യുവതിയുടെ പേയിംഗ് ഗസ്റ്റ് താമസ സ്ഥലത്താണ് സംഭവം നടന്നത്. 15 ദിവസത്തോളമായി ഇവിടെ താമസിച്ചിരുന്ന സ്ത്രീ ഓഗസ്റ്റ് 11ന് ഉച്ചകഴിഞ്ഞ് മൂന്നോടെ ജോലി കഴിഞ്ഞ് തിരികെ എത്തിയശേഷം വാതിലിൽ മുട്ടുന്നത് കേട്ട് തുറന്നപ്പോൾ അജ്ഞാതനായ ഒരാൾ തന്റെ കഴുത്തിൽ കത്തി അമർത്തി ഭീഷണിപ്പെടുത്തുകയായിരുന്നുവെന്ന് പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു. തുടർന്ന് സ്വർണ വള ആവശ്യപ്പെടുകയും എതിർത്താൽ ഉപദ്രവിക്കുമെന്ന് ഭീഷണിപ്പെടുത്തി പീഡിപ്പിക്കുകയുമായിരുന്നെന്ന് പാരാതിയിലുണ്ടെന്ന് പോലീസ് പറഞ്ഞു.

പിന്നീട് ഇയാൾ പണം ആവശ്യപ്പെട്ടതോടെ തന്റെ വാനിറ്റി ബാഗിൽനിന്ന് പണം എടുക്കുന്നതിനിടെ പ്രതിയുടെ ശ്രദ്ധ തെറ്റിയപ്പോൾ കുളിമുറിയിലേക്ക് ഓടിക്കയറി വാതിൽ പൂട്ടുകയും അലാറം മുഴക്കി രക്ഷതേടുകയായിരുന്നെന്നും യുവതി പരാതിപ്പെട്ടു. പ്രതി തന്റെ രണ്ട് മൊബൈൽ ഫോണുകളുമായി കടന്നുകളയുകയായിരുന്നെന്നും പറഞ്ഞു.

കുവൈറ്റ് വിഷമദ്യ ദുരന്തം: മരണം 13 ആയി, നിരവധിപ്പേർ ഗുരുതരാവസ്ഥയിൽ

കുവൈറ്റ് സിറ്റി: കുവൈറ്റിയിലുണ്ടായ വിഷമദ്യ ദുരന്തത്തിൽ മരണം പതിമൂന്നായി ഉയർന്നതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. വിവിധ ആശുപത്രികൾ കഴിഞ്ഞ ശനിയാഴ്ച മുതലാണ് വിഷമദ്യം കഴിച്ച് അവശരായ നിലയിൽ ആളുകളെ പ്രവേശിപ്പിക്കുന്നത് ശ്രദ്ധിക്കപ്പെടുന്നത്. 63 കേസുകൾ ഇതേ വരെയായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

നിരവധി പേരെ തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. 51 പേരെ അടിയന്തര ഡയാലിസിസിനു വിധേയരാക്കി. 21 പേർക്ക് പൂർണമായോ ഭാഗികമായോ കാഴ്ച നഷ്ടപ്പെടുകയുണ്ടായി. ദുരന്ത സാഹചര്യത്തിൽ പ്രാദേശിക ആശുപത്രികളും സുരക്ഷാ വകുപ്പും തമ്മിൽ ഏകോപനം ശക്തമാക്കിയിട്ടുണ്ട്.

മരിച്ചവരൊക്കെ ഏഷ്യൻ പൗരന്മാരാണെന്നും അഹ്മദിയ, ഫർവാനിയ ഗവർണറേറ്റുകളിലെ വിവിധ ഭാഗങ്ങളിലുള്ളവരാണെന്നും മന്ത്രാലയം അറിയിച്ചു. വിവിധ ആശുപത്രികളിലായി 40 ഇന്ത്യക്കാർ ചികിത്സയിലുണ്ടെന്ന് കുവൈറ്റിലെ ഇന്ത്യൻ എംബസി സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ത്യക്കാരായ നിർമാണത്തൊഴിലാളികളാണ് ദുരന്തത്തിനിരയായതെന്നും അതിൽ മലയാളികളുമുണ്ടെന്നുമാണ് സൂചന.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

ബാലസുരക്ഷിത കേരളം ലോഗോ മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്യുന്നു

ബാലസുരക്ഷിത സമൂഹം സൃഷ്ടിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി വീണ ജോർജ്

ബാലസുരക്ഷിത സമൂഹം സൃഷ്ടിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും 'ബാലസുരക്ഷിത കേരളം' കർമ്മപദ്ധതിയിലൂടെ പൊതുഇടങ്ങളിലും വിദ്യാലയങ്ങളിലും ഉൾപ്പെടെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുമെന്നും ആരോഗ്യ, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. വനിത ശിശു വികസന വകുപ്പ് സംഘടിപ്പിച്ച 'ബാലസുരക്ഷിത കേരളം' ഏകദിന ശില്പശാല മാസ്കറ്റ് ഹോട്ടൽ സിംഫണി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ കുട്ടികളുടെ സുരക്ഷയും സമഗ്ര വളർച്ചയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ബാലസുരക്ഷിത കേരളം' സമഗ്ര കർമ്മപദ്ധതി നടപ്പിലാക്കുന്നത്. കേരളം കുട്ടികളുടെ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും മുന്നിലാണെങ്കിലും, അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിലും വളർച്ചാഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ നൽകുന്നതിലും ഇനിയും മുന്നോട്ട് പോകണം. ഇതിനായി വിവിധ സർക്കാർ വകുപ്പുകളും, സ്ഥാപനങ്ങളും, പൊതുജനങ്ങളും ഒന്നിച്ചു പ്രവർത്തിക്കണം. കുട്ടികൾക്കെതിരായ ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരമൊരു കേന്ദ്രീകൃത പ്രവർത്തനം ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു.

പൊതുഇടങ്ങളിലും വിദ്യാലയങ്ങളിലും ഉൾപ്പെടെ കുട്ടികളെ സുരക്ഷിതരാക്കുക, അവർക്കെതിരെയുള്ള അതിക്രമങ്ങളും ലൈംഗിക അതിക്രമങ്ങളും പൂർണ്ണമായും ഇല്ലാതാക്കുകയാണ് പ്രധാനമായും ബാലസുരക്ഷിത കേരളം പദ്ധതിയിലുള്ളത്. വിവിധ വകുപ്പുകൾ ഒരു ഇന്റഗ്രേറ്റഡ് പ്ലാറ്റ്ഫോമിൽ ഒരുമിച്ച് പ്രവർത്തിക്കും. ഇതിനായി ആക്ഷൻ പ്ലാൻ രൂപീകരിച്ച്, ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ നിശ്ചയിച്ചാണ് മുന്നോട്ട് പോകുന്നത്. ഓരോ മാസവും തയ്യാറാക്കുന്ന പുരോഗതി റിപ്പോർട്ടുകൾ മുഖ്യമന്ത്രിക്ക് സമർപ്പിക്കും. വിവിധ വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതിനും പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ശിൽപ്പശാല പ്രയോജനപ്പെടുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.വീടിനുള്ളിലോ സ്കൂളിലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ കുട്ടികൾ പറയുമ്പോൾ അവ ശ്രദ്ധിക്കപ്പെടാതെ പോകുകയും, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആദ്യ അവസരം നഷ്ടപ്പെടുകയും ചെയ്യാറുണ്ട്. കുട്ടികൾക്ക് എന്ത് പ്രശ്നമുണ്ടെങ്കിലും തങ്ങളെ കേൾക്കാനും പരിഹരിക്കാനും ആളുകളുണ്ടെന്ന ആത്മവിശ്വാസം നൽകേണ്ടത് അത്യാവശ്യമാണെന്ന് മന്ത്രി ഓർമ്മിപ്പിച്ചു.

ശബരിമല മണ്ഡലകാലത്ത് ഭിക്ഷാടനത്തിനായി കുട്ടികളെ ഉപയോഗിക്കുന്നത് തടയുന്ന 'ശരണബാല്യം', ഐസിഡിഎസ് പ്രോജക്റ്റുകളുടെ ഭാഗമായുള്ള പാരന്റിംഗ് ക്ലിനിക്കുകൾ എന്നിവ ഉൾപ്പടെയുള്ള വിവിധ പദ്ധതികളിലൂടെ കുട്ടികളുടെ സംരക്ഷണത്തിൽ സർക്കാർ നിർണായക പങ്ക് വഹിക്കുന്നുണ്ട്. ചൈൽഡ് ഹെൽപ് ലൈൻ നമ്പറിൽ നിരവധി കോളുകൾ ലഭിക്കുന്നുണ്ടെങ്കിലും കുട്ടികളിൽ നിന്നുള്ള കോളുകൾ കുറവാണ്. ചൈൽഡ് ഹെൽപ് ലൈൻ നമ്പർ (1098) കുട്ടികൾക്ക് നേരിട്ട് വിളിക്കാവുന്ന ഒന്നായി പ്രസിദ്ധപ്പെടുത്തുമെന്നും, സ്കൂളുകളിലടക്കം ഇതിന് പ്രചരണം നൽകുമെന്നും മന്ത്രി അറിയിച്ചു.ബാലസുരക്ഷിത കേരളം ലോഗോ മന്ത്രി പ്രകാശനം ചെയ്തു. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ പദ്ധതി ലക്ഷ്യങ്ങളും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവതരിപ്പിച്ചു. തിരുവനന്തപുരം റേഞ്ച് ഡിഐ ജി അജിത ബീഗം, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ എസ് കെ ഉമേഷ്, യൂണിസെഫ് ചൈൽഡ് പ്രൊട്ടക്ഷൻ സ്പെഷ്യലിസ്റ്റ് ജി കുമരേശൻ തുടങ്ങിയവർ പങ്കെടുത്തു.

പാക്കിസ്ഥാൻ അനാവശ്യ വാചകമടി നിർത്തണം; ഇല്ലെങ്കിൽ പ്രത്യാഘാതം നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ്

ന്യൂഡൽഹി: പാക്കിസ്ഥാൻ അനാവശ്യ വാചകമടി നിർത്തണമെന്നും ഇല്ലെങ്കിൽ മുറിവേൽക്കുന്ന പ്രത്യാഘാതം നേരിടേണ്ടിവരുമെന്നും ഇന്ത്യ.

തോൽവി മറച്ചുവയ്ക്കാനാണ് പാക്കിസ്ഥാൻ സേനാ മേധാവിയുടെ വീരവാദമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. പാക്കിസ്ഥാൻറെ ഏത് അതിസാഹസത്തിനും കടുത്ത തിരിച്ചടി നൽകുമെന്നും വിദേശകാര്യ മന്ത്രാലയം കൂട്ടിച്ചേർത്തു.

സിന്ധു നദീ ജല കരാർ റദ്ദാക്കിയത് തുടരും. അതിർത്തി കടന്നുള്ള ഭീകരവാദ പ്രവർത്തനങ്ങൾക്ക് പാക്കിസ്ഥാൻ പിന്തുണ നൽകുന്നത് അവസാനിപ്പിക്കുന്നത് വരെ കരാർ റദ്ദാക്കിയതിൽ തൽസ്ഥിതി തുടരും.

അമേരിക്കയുമായുള്ള ബന്ധം മാറ്റമില്ലാതെ മുന്നോട്ടു കൊണ്ടുപോകുമെന്നും ഇന്ത്യ അമേരിക്ക സംയുക്ത സൈനിക അഭ്യാസം അലാസ്കയിൽ ഈ മാസം നടക്കുമെന്നും വിദേശകാര്യ മന്ത്രാലയം വക്താവ് വ്യക്തമാക്കി.

പരസ്പര സഹകരണത്തിൻറെയും താത്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇന്ത്യയും അമേരിക്കയുമായുള്ള ബന്ധം തുടരുമെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ മേഖലയിലെ പങ്കാളിത്തം നയതന്ത്ര ബന്ധത്തിലെ നെടുംതൂണാണെന്നും വിദേശകാര്യ വക്താവ് വ്യക്തമാക്കി.

ഓഗസ്റ്റ് പകുതിയോടെ യുഎസിൻറെ പ്രതിരോധ നയരൂപീകരണ സംഘം ഡൽഹിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മാസം അവസാനം അലാസ്കയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള 21ാമത് സംയുക്ത സൈനിക അഭ്യാസവും നടക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

നടൻ ദർശൻറെ ജാമ്യം റദ്ദാക്കി സുപ്രീംകോടതി

ന്യൂഡൽഹി: ആരാധകൻ രേണുക സ്വാമിയെ കൊലപ്പെടുത്തിയ കേസിൽ കന്നഡ നടൻ ദർശൻ തുഗുദീപയുടെ ജാമ്യം റദ്ദാക്കി സുപ്രീംകോടതി.

ദർശൻ ഉൾപ്പടെ അഞ്ചു പേർക്ക് ജാമ്യം നൽകിയ കർണാടക ഹൈക്കോടതിയുടെ വിധിയാണ് സുപ്രീംകോടതി റദ്ദാക്കിയത്. എത്ര വലിയവനായാലും നിയമത്തിന് അതീതനല്ലെന്ന് കോടതി നിരീക്ഷിച്ചു. ദർശൻറെ ജാമ്യം ചോദ്യം ചെയ്ത് കർണാടക സർക്കാർ നൽകിയ അപ്പീലിലാണ് വിധി. ജസ്റ്റീസുമാരായ ജെ.ബി.പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് വിധി. ഗുരുതര പോരായ്മകളുള്ളതാണ് ഹൈക്കോടതി ഉത്തരവെന്നും മനസിലാക്കാതെയാണ് ജാമ്യം അനുവദിച്ചതെന്നും കോടതി ചൂണ്ടിക്കാട്ടി.

സെബാസ്റ്റ്യന്റെ വീട്ടിൽ കണ്ടെത്തിയ രക്തക്കറ ജെയ്നമ്മയുടേത്; കൊലപാതക പരമ്പരയുടെ ചുരുളഴിയുന്നു

കോട്ടയം: ജെയ്നമ്മ തിരോധാനക്കേസിൽ നിർണായക വഴിത്തിരിവ്. കേസിൽ അറസ്റ്റിലായ ചേർത്തല പള്ളിപ്പുറം സ്വദേശി സെബാസ്റ്റ്യന്റെ വീട്ടിൽ നിന്ന് കണ്ടെത്തിയ രക്തക്കറ ജെയ്നമ്മയുടേതാണ് സ്ഥിരീകരിച്ചു. തിരുവനന്തപുരം ഫോറൻസിക് ലാബിൽ നടത്തിയ പരിശോധനയിലാണ് കണ്ടെത്തൽ.

ഏറ്റുമാനൂർ അതിരമ്പുഴ കോട്ടമുറി കാലായിൽ വീട്ടിൽ മാത്യുവിന്റെ ഭാര്യ ജെയിൻ മാത്യുവിനെ (ജെയ്നമ്മ, 48) 2024 ഡിസംബർ 23നാണ് കാണാതായത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് സെബാസ്റ്റ്യനെ പോലീസ് കസ്റ്റഡിയിലെടുത്തത്. ഇയാളുടെ പള്ളിപ്പുറത്തെ വീട്ടിൽ നടത്തിയ പരിശോധനയിൽ രക്തക്കറ ഉൾപ്പടെ കണ്ടെത്തിയിരുന്നു.

സെബാസ്റ്റ്യൻ വിവിധ പണമിടപാട് സ്ഥാപനങ്ങളിലായി പണയംവെച്ച സ്വർണാഭരണങ്ങളും ജെയ്നമ്മയുടേതാണെന്ന് ക്രൈംബ്രാഞ്ച് കണ്ടെത്തിയിരുന്നു. ജെയ്നമ്മയുടെ ഫോൺ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് സെബാസ്റ്റ്യനുമായുള്ള പരിചയം തെളിഞ്ഞത്.

ഇയാളുടെ വീട്ടുവളപ്പിൽ നിന്ന് കിട്ടിയ ശരീരഭാഗങ്ങളുടെ ഡിഎൻഎ ഫലം പുറത്തുവന്നിട്ടില്ല. ജെയ്നമ്മയെ കൂടാതെ ചേർത്തല വാരനാട് സ്വദേശി ഐഷ, കടക്കരപ്പള്ളി സ്വദേശി ബിന്ദു പത്മനാഭൻ എന്നിവരെ കാണാതായ കേസിലും സെബാസ്റ്റ്യൻ പ്രതിയാണ്. 2002 മുതലാണ് ബിന്ദു പത്മനാഭനെ കാണാതായത്. ബിന്ദു പദ്മനാഭന്റെ സ്വത്ത് കൈക്കലാക്കി മറിച്ചുവിറ്റ കേസിൽ സെബാസ്റ്റ്യൻ നേരത്തേ അറസ്റ്റിലായിരുന്നു. എന്നാൽ ബിന്ദുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ഒന്നും കണ്ടെത്താനായില്ല.

ഇതിനിടെയാണ് ഏറ്റുമാനൂരിലെ ജെയ്നമ്മയുടെ തിരോധാനവുമായി ബന്ധപ്പെട്ട് സെബാസ്റ്റ്യനെ വീണ്ടും കസ്റ്റഡിയിലെടുത്തത്. ഡിഎൻഎ പരിശോധനാഫലം വന്നാൽ എല്ലാ കേസിന്റെയും ചുരുളഴിയുമെന്ന് വിശ്വാസത്തിലാണ് അന്വേഷണ സംഘം.

വോട്ടർ പട്ടിക ക്രമക്കേട്: ഉത്തരം പറയാൻ തൃശൂരിലെ എംപിക്കു ബാധ്യതയുണ്ടെന്നു സതീശൻ

തിരുവനന്തപുരം: വോട്ടർ പട്ടികയിലെ ക്രമക്കേട് സംബന്ധിച്ച് ഉത്തരം പറയാനുള്ള ബാധ്യത തൃശൂരിലെ എംപിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കുമുണ്ടെന്നു പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഉത്തരം നൽകിയേ മതിയാകൂ എന്നും അദ്ദേഹം പറഞ്ഞു.

ഒരു സ്ത്രീയുടെ വിലാസത്തിൽ അവർ പോലും അറിയാതെയാണ് വോട്ട് ചേർത്തിരിക്കുന്നത്. കോൺഗ്രസിന്റെ ബൂത്ത് തല പ്രവർത്തകർ ഇതു കണ്ടെത്തി കളക്ടർക്ക് പരാതി നൽകിയിട്ടും നടപടിയുണ്ടായില്ല.സംഘടിതമായ കുറ്റകൃത്യമാണ് വോട്ടർപ്പട്ടികയുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി ബിജെപി നടത്തിയത്. ഇക്കാര്യത്തിൽ പരിശോധന നടത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയാറാകണം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിശോധനയുമായി സഹകരിക്കാൻ സംസ്ഥാന സർക്കാരും തയാറാകണം.

ബിഎൽഒമാരെ നിയമിച്ചത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ്. അവരെല്ലാം സർക്കാർ ഉദ്യോഗസ്ഥരുമാണ്. ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള എല്ലാവർക്കും ഉത്തരവാദിത്തമുണ്ട്. എന്താണ് യാഥാർഥ്യമെന്നത് പുറത്തുവരണം. തൃശൂരിൽ ഉയർന്നിരിക്കുന്ന ആരോപണങ്ങൾ ശരിയല്ലെങ്കിൽ അതേക്കുറിച്ച് പറയാനുള്ള ഉത്തരവാദിത്തം സുരേഷ് ഗോപിക്കുണ്ട്. ഒന്നും മിണ്ടില്ലെന്നു പറയുന്നത് ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് യോജിച്ചതല്ല. രാഷ്ട്രീയ പ്രവർത്തകരും നേതാക്കളും വോട്ടർ പട്ടിക ശ്രദ്ധിക്കണം. വോട്ടർ പട്ടിക കുറ്റമറ്റതായിരിക്കണം. മരിച്ചവരെയും സ്ഥലത്ത് ഇല്ലാത്തവരെയും ഒഴിവാക്കണം. വിഭജനഭീതി ദിനം ആചരിക്കാനുള്ള നിർദേശം ഗവർണറുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര തെറ്റാണ്. രാജ്യത്തെ ഭിന്നിപ്പിക്കാനുള്ള സംഘ്പരിവാർ അജൻഡ നടപ്പാക്കാൻ ഗവർണർ ശ്രമിക്കരുത്. നടപ്പാക്കിയാൽ അതിനെ പ്രതിപക്ഷം എതിർക്കും. സർവകലാശാലകളിൽ ഗവർണർ അനാവശ്യ ഇടപെടലുകൾ നടത്തുകയാണെന്നും സതീശൻ കുറ്റപ്പെടുത്തി.

സുരേഷ് ഗോപിക്കെതിരെ ഗൂഢാലോചന: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: കേന്ദ്രമന്ത്രി സുരേഷ് ഗോപിക്കെതിരായ വ്യാജ പ്രചാരണങ്ങൾ ഗൂഢാലോചനയുടെ ഭാഗമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കഴിഞ്ഞ പത്തുവർഷമായി ഭരണനേട്ടങ്ങളൊന്നുമില്ലാത്തവർ ജനശ്രദ്ധ തിരിച്ചുവിടാൻ നടത്തുന്ന ശ്രമങ്ങളാണ് നടക്കുന്നതെന്നും പൂജപ്പുരയിൽ ത്രിവർണ സ്വാഭിമാന യാത്രയിൽ പങ്കെടുക്കാനെത്തിയപ്പോൾ മാധ്യമങ്ങളോട് നടത്തിയ പ്രതികരണത്തിൽ ബിജെപി അധ്യക്ഷൻ കുറ്റപ്പെടുത്തി. സുരേഷ്ഗോപിയുടെ തെരഞ്ഞെടുപ്പ് വിജയത്തെ ചോദ്യം ചെയ്യുന്നത്

തൃശൂരിലെ വോട്ടർമാരെ അപമാനിക്കുന്ന പ്രവൃത്തിയാണ്. തെരഞ്ഞെടുപ്പിൽ ജനങ്ങളോട് ഒന്നും പറയാനില്ലാത്ത ഇടത് വലതു മുന്നണികൾ നുണ പറഞ്ഞ് ജനങ്ങളെ വിഡ്ഢികളാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ് തൃശൂർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുയർത്തുന്ന ആരോപണങ്ങൾ. പരാതിയുണ്ടെങ്കിൽ പറയേണ്ടത് കോടതിയിലും തെരഞ്ഞെടുപ്പ് കമ്മീഷനിലുമാണ്.

തെരഞ്ഞെടുപ്പ് സമയത്ത് വോട്ടർ പട്ടിക പരിശോധിക്കാനും തെറ്റുകൾ ചൂണ്ടിക്കാണിച്ചു പരിഹരിക്കാനും രാഷ്ട്രീയ പാർട്ടികൾക്ക് അവസരമുണ്ട്. അതുപയോഗിക്കുകയാണ് വേണ്ടത്. അതല്ല വീണ്ടും പരാതികൾ ഉണ്ടെങ്കിൽ അന്വേഷണം നടത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ സംവിധാനങ്ങളും അതിനുമുകളിൽ കോടതിയും ഉണ്ട്.

തെളിവുകൾ കൈവശമുള്ളവർ ഈ സംവിധാനങ്ങൾ ഉപയോഗിച്ച് നടപടി സ്വീകരിക്കുകയാണു വേണ്ടത്.

തെരഞ്ഞെടുപ്പ് കമ്മീഷനിൽ വിശ്വാസമില്ലെങ്കിൽ ഹൈക്കോടതിയും സുപ്രീംകോടതിയും ഒക്കെ ഈ രാജ്യത്തുണ്ട്. ആരോപണമുന്നയിക്കുന്ന കോൺഗ്രസിനും സിപിഎമ്മിനും സ്വന്തമായി മികച്ച അഭിഭാഷകരും ഉണ്ട്. പിന്നെ എന്തുകൊണ്ടാണ് ഇവർ കോടതിയിൽ പോകാതെ അനാവശ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്നു രാജീവ് ചന്ദ്രശേഖർ ചോദിച്ചു.

വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികളും നടപടിക്രമങ്ങളും എളുപ്പത്തിലാക്കി കെ-സ്വിഫ്റ്റ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വർധിപ്പിക്കുന്നതിൻറെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും അനുമതികളും എളുപ്പത്തിലാക്കി കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇൻറർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരൻറ് ക്ലിയറൻസ്). വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേഗത്തിലും സുതാര്യവുമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ് ഫോമാണ് കെ-സ്വിഫ്റ്റ് (https://kswift.kerala.gov.in/index/). ഉദ്യോഗസ്ഥ തടസ്സങ്ങൾ കുറച്ചുകൊണ്ട് സംരംഭകത്വം വളർത്തിയെടുക്കാനും അതുവഴി സംസ്ഥാനത്ത് കൂടുതൽ വ്യവസായസൗഹൃദ അന്തരീക്ഷം പ്രോത്സാഹിപ്പിക്കാനുമാണ് കെ-സ്വിഫ്റ്റ് ലക്ഷ്യമിടുന്നത്.

സംരംഭങ്ങളുടെ അംഗീകാരങ്ങൾക്കായി അപേക്ഷിക്കുക, സ്റ്റാറ്റസ് ട്രാക്ക് ചെയ്യുക, പേയ്മെൻറുകൾ നടത്തുക, ലൈസൻസുകൾ ഡൗൺലോഡ് ചെയ്യുക എന്നിവയെല്ലാം കെ-സ്വിഫ്റ്റ് പോർട്ടലിൽ നിന്ന് സാധ്യമാകും. 22 വകുപ്പുകളിലായി 120 സേവനങ്ങളാണ് ഇതിൽ സംയോജിപ്പിച്ചിരിക്കുന്നത്. കെ-സ്വിഫ്റ്റ് പ്ലാറ്റ് ഫോം വഴി നിക്ഷേപ നിർദ്ദേശങ്ങൾക്ക് ഉടനടി അനുമതി നൽകും.

എം.എസ്.എം.ഇകൾക്ക് മൂന്നര വർഷത്തെ ഇൻ-പ്രിൻസിപ്പൽ അപ്രൂവൽ ഉപയോഗിച്ച് വ്യവസായ പ്രവർത്തനങ്ങൾ ആരംഭിക്കാനാകും. മുൻകൂർ അംഗീകാരങ്ങൾക്കായി കാത്തിരിക്കേണ്ടതില്ല. തത്സമയ ആപ്ലിക്കേഷൻ ട്രാക്കിംഗ്, സ്റ്റാൻഡേർഡ് ടൈംലൈനുകൾ എന്നിവയുണ്ടാകും. നവീകരിച്ച കെ-സ്വിഫ്റ്റ് പോർട്ടൽ നടപ്പിലാക്കിയതിനുശേഷം ഏകദേശം 75,000-ത്തിലധികം എം.എസ്.എം.ഇകൾ തുടങ്ങി.എം.എസ്.എം.ഇകൾക്കുള്ള ഇൻ-പ്രിൻസിപ്പൽ അപ്രൂവൽ കാലയളവ് സർട്ടിഫിക്കറ്റ് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുതയുള്ളതാണ്. എന്നാൽ ഇപ്പോൾ സാധുത മൂന്നര വർഷമായി നീട്ടിയിട്ടുണ്ട്. ഈ കാലയളവിൽ പ്രത്യേക അനുമതികൾ നേടുന്നതിൽ നിന്നും പരിശോധനകൾക്ക് വിധേയമാകുന്നതിൽ നിന്നും സംരംഭങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 'റെഡ്' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വ്യവസായ സംരംഭങ്ങൾക്ക് ഓട്ടോമാറ്റിക് അംഗീകാരത്തിന് അർഹതയുണ്ട്. ഈ പ്രക്രിയയ്ക്ക് സെൽഫ് സർട്ടിഫിക്കേഷൻ മതി. അപേക്ഷയും ഫീസും സമർപ്പിച്ചാൽ യോഗ്യതയുള്ള സംരംഭങ്ങൾക്ക് കെ-സ്വിഫ്റ്റിലൂടെ ഉടനടി അംഗീകാര സർട്ടിഫിക്കറ്റ് നൽകും. കെ-സ്വിഫ്റ്റിലെ പൊതു അപേക്ഷാ ഫോം (സിഎഎഫ്) ഉപയോഗിച്ച് സംരംഭകർക്ക് ഒറ്റ അപേക്ഷയിലൂടെ വിവിധ വകുപ്പുകളിലെ ഒന്നിലധികം ലൈസൻസുകളും അംഗീകാരങ്ങളും ലഭിക്കും.

അജിത് കുമാറിന് തിരിച്ചടി; വിജിലൻസിന്റെ ക്ലീൻചിറ്റ് കോടതി തള്ളി

കൊച്ചി: അനധികൃതസ്വത്ത് സമ്പാദനക്കേസിൽ എഡിജിപി എം. ആർ. അജിത് കുമാറിന് തിരിച്ചടി. ക്ലീൻചിറ്റ് നൽകിയ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് തിരുവനന്തപുരം സ്പെഷ്യൽ വിജിലൻസ് കോടതി തള്ളി. സർക്കാർ നേരത്തേ അംഗീകരിച്ച റിപ്പോർട്ടാണ് കോടതി തള്ളിയത്. കേസ് ഡയറിയും അന്വേഷണ റിപ്പോർട്ടിന്റെ ഒറിജിനൽ പകർപ്പും അന്വേഷണം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും സാക്ഷിമൊഴികളും പരിശോധിച്ചതിനു ശേഷമാണ് കോടതിയുടെ നടപടി. മുൻ എംഎൽഎ പി. വി. അൻവറിന്റെ പരാതിയിലായിരുന്നു അജിത് കുമാറിനെതിരായ അന്വേഷണം.

ഡിവൈഎസ്പി ഷിബു പാപ്പച്ചന്റെ നേതൃത്വത്തിലുള്ള വിജിലൻസ് പ്രത്യേക യൂണിറ്റാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. വിജിലൻസ് സമർപ്പിച്ച ക്ലീൻചിറ്റ് റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ലെന്നു പറഞ്ഞ കോടതി 30ന് പരാതിക്കാരന്റെ മൊഴി നേരിട്ട് രേഖപ്പെടുത്തും. അജിത്കുമാർ ഭാര്യാസഹോദരനുമായി ചേർന്ന് സെൻറിന് 70 ലക്ഷം രൂപ വിലയുള്ള ഭൂമി തിരുവനന്തപുരം കവിടിയാറിൽ വാങ്ങി ആഡംബര കെട്ടിടം നിർമിക്കുന്നതിൽ അഴിമതിപ്പണം ഉണ്ടെന്നായിരുന്നു ഹർജിക്കാരനായ നെയ്യാറ്റിൻകര സ്വദേശിയുടെ വാദം.

ഇതിനായി മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശി എഡിജിപിയെ വഴിവിട്ട് സഹായിക്കുന്നതായും ഹർജിക്കാരൻ ആരോപിച്ചിരുന്നു. അജിത് കുമാറിനെതിരെ കീഴുദ്യോഗസ്ഥരായ എസ്പിയും ഡിവൈഎസ്പിയും അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ റിപ്പോർട്ട് അംഗീകരിക്കരുതെന്ന് പരാതിക്കാരൻ കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

സെർച്ച് കമ്മിറ്റി രൂപീകരണം; പേരുകൾ നൽകാൻ ഗവർണർ സമയം നീട്ടി ചോദിക്കും

തിരുവനന്തപുരം: വിസി നിയമനവുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റിയിലേക്ക് പേരുകൾ നിർദേശിക്കാൻ ഗവർണർ സമയം നീട്ടി ചോദിക്കും. കെടിയു, ഡിജിറ്റൽ സർവകലാശാലകളിലെ വിസി നിയമനവുമായി ബന്ധപ്പെട്ടുള്ള സെർച്ച് കമ്മിറ്റി രൂപീകരണത്തിനാണ് സമയം നീട്ടി ചോദിക്കുക. സെർച്ച് കമ്മിറ്റി രൂപീകരിച്ച് പേരുകൾ ഇന്ന് നൽകണമെന്ന് സുപ്രീംകോടതി നിർദേശിച്ചിരുന്നു. ഐഐടിയിലെ വിദഗ്ധരടക്കം 20 പേരുകൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരുടെ അനുവാദം കൂടി വാങ്ങിയതിന് ശേഷം അന്തിമ പട്ടിക തിങ്കളാഴ്ച സമർപ്പിക്കാമെന്ന് ഗവർണർ കോടതിയെ അറിയിക്കും. താത്കാലിക വിസി നിയമനവുമായി ബന്ധപ്പെട്ട് ബുധനാഴ്ചയാണ് സുപ്രീംകോടതി വാദം കേട്ടത്. ഗവർണർക്കെതിരായി കേരള സർക്കാർ നൽകിയ ഹർജിയാണ് കോടതി പരിഗണിച്ചത്. നിമിഷപ്രിയയുടെ മോചനം: ഹർജി ഇന്ന് വീണ്ടും സുപ്രീംകോടതിയിൽ, നിലവിലെ സ്ഥിതിഗതികൾ കേന്ദ്രം വിശദീകരിക്കും

2,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ആഗസ്റ്റ് 19ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/245/2025ഫിൻ. തിയതി 13.08.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.